# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:15.12.2025

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കം. ജോർദനിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം.

2. ശീതകാല സമ്മേളനം നടക്കുന്ന പാർലമെൻറിലെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച തുടർന്ന് രാജ്യസഭ.

3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി കേരളത്തിലെ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്ക് 260 കോടിയിലധികം രൂപ അനുവദിച്ച് കേന്ദ്ര സർക്കാർ.

4. സംസ്ഥാനത്ത് മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചു; തദ്ദേശ തിരഞ്ഞെടുപ്പ് സുതാര്യവും നിഷ്പക്ഷവുമായി നടത്താൻ പിന്തുണച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നതായി തിരഞ്ഞെടുപ്പ് കമ്മീഷണർ.

5. സംസ്ഥാനത്ത് എസ്.ഐ.ആറിന്റെ പുരോഗതി വിലയിരുത്താൻ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു ചേർത്ത് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ;

RNU TVPM

**എസ്.ഐ.ആർ വിവര ശേഖരണം വ്യാഴാഴ്ച അവസാനിക്കും.**

**6. സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സെമി ഫൈനലിൽ ഇന്ന് തൃശ്ശൂരും മലപ്പുറവും ഏറ്റുമുട്ടും.**

## പ്രധാനമന്ത്രി- ത്രിരാഷ്ട്ര സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് തുടക്കമായി. സന്ദർശനത്തിന്റെ ആദ്യപാദത്തിൽ ജോർദനിലെത്തിയ പ്രധാനമന്ത്രിക്ക് അമ്മാനിലെ വിമാനത്താവളത്തിൽ പ്രധാനമന്ത്രി ജാഫർ ഹസ്സന്റെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം നൽകി. എത്യോപ്യ, ഒമാൻ എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. ജോർദനിൽ അബ്ദുള്ള രണ്ടാമൻ രാജാവുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. തുടർന്ന് നാളെ എത്യോപ്യ സന്ദർശിക്കുന്ന അദ്ദേഹം എത്യോപ്യൻ പ്രധാനമന്ത്രിയുമായി ചർച്ച നടത്തും. എത്യോപ്യൻ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി ഒമാനിലെത്തും.

RNU TVPM

## പാർലമെൻറ്

ശീതകാല സമ്മേളനം നടക്കുന്ന പാർലമെൻറിലെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ലോക്സഭയിൽ 2025-26 ലെ സപ്ലിമെന്ററി ഡിമാൻഡ് ഗ്രാന്റ് സംബന്ധിച്ച ചർച്ചകൾ നടക്കുകയാണ്. രാജ്യസഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച തുടരുകയാണ്. ഇന്ന് രാവിലെ ഇരുസഭകളിലും ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരായ കോൺഗ്രസ് പരാമർശത്തിൽ മാപ്പ് പറയണമെന്ന് കേന്ദ്രമന്ത്രിമാരും മറ്റ് ബിജെപി അംഗങ്ങളും ആവശ്യപ്പെട്ടു. ലോക്സഭ ആദ്യം 12 മണി വരെയും പിന്നീട് രണ്ടു മണി വരെയും നിർത്തിവച്ചിരുന്നു.

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ ഗഡുവായി കേരളത്തിലെ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്ക് 260.20 കോടി രൂപ അനുവദിച്ച് കേന്ദ്ര സർക്കാർ. സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 941 ഗ്രാമ പഞ്ചായത്തുകൾക്കുമായാണ് തുക അനുവദിച്ചത്. സാമ്പത്തിക വർഷത്തിൽ രണ്ട് ഗഡുക്കളായാണ് ധനമന്ത്രാലയം ധനകാര്യ കമ്മീഷൻ ഗ്രാന്റ് നൽകുന്നത്.

## തീവ്ര വോട്ടർ പട്ടിക പരിഷ്കരണം

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള വിവര ശേഖരണം വ്യാഴാഴ്ച അവസാനിക്കും. എസ്.ഐ.ആറിന്റെ പുരോഗതി വിലയിരുത്താൻ ഇന്ന് തിരുവനന്തപുരത്ത് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു ചേർത്തു. ഈ മാസം 23-ന് കരടു വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. പരാതികൾ ജനുവരി 22 വരെ നൽകാം. സംസ്ഥാനത്ത് 99.77 ശതമാനം ഫോമുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുണ്ട്.

## എ ഷാജഹാൻ

സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പ് സുതാര്യവും നിഷ്പക്ഷവും സമാധാനപരവുമായി നടത്താൻ പിന്തുണച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നതായി തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഈ മാസം 21 ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കും. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിലുകൾ എന്നിവിടങ്ങളിൽ രാവിലെ 10നും കോർപ്പറേഷനുകളിൽ 11.30 നുമാണ് സത്യപ്രതിജ്ഞ. സംസ്ഥാനത്ത് മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് മുതൽ പിൻവലിച്ചതായും തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. തിരഞ്ഞെടുപ്പ് മാറ്റിവച്ച മലപ്പുറം മൂത്തേടം, എറണാകുളം പാമ്പാക്കുട എന്നീ ഗ്രാമപഞ്ചായത്തുകളിലും തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിലും മാതൃകാപെരുമാറ്റച്ചട്ടം തുടരും.

RNU TVPM

## തെരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ. അല്ലാത്തപക്ഷം, തദ്ദേശസ്ഥാപനങ്ങൾ ഇവ നീക്കം ചെയ്ത്, സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുമെന്നും കമ്മീഷണർ അറിയിച്ചു.

## വി ശിവൻകുട്ടി (ഇൻട്രോ)

സ്റ്റാർസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലും അത്യാധുനിക ഓട്ടിസം കോംപ്ലക്സ് സ്ഥാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. രണ്ടേ മുക്കാൽ കോടി രൂപയാണ് ഓരോ ഓട്ടിസം സെന്ററിനായും മാറ്റി വച്ചിട്ടുള്ളത്. അഞ്ചാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെ ഈ വർഷം സബ്ജക്ട് മിനിമം നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. 2027 മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിലും സബ്ജക്ട് മിനിമം നടപ്പിലാക്കും.

(വോയിസ്....)

ഹയർ സെക്കണ്ടറി രണ്ടാംവർഷ ബ്രെയിലി പുസ്തകങ്ങളുടെ വിതരണം പൂർത്തിയായതായും മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

RNU TVPM

## ശബരിമല

മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമല - സന്നിധാനത്ത് തിരക്ക് തുടരുന്നു. ഈ മാസം 23 ന് ആറന്മുളയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തങ്കയങ്കിഘോഷയാത്ര ആരംഭിക്കും. 27ന് മണ്ഡലപൂജ നടക്കും. അടുത്തമാസം 14നാണ് മകരവിളക്ക് മഹോത്സവം.

## ശബരിമല - എം പി

ശബരിമല സ്വർണപ്പാളി ക്രമക്കേട് കേസ് ഉന്നയിച്ച് യുഡിഎഫ് എം.പിമാർ പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. വിഷയം കോടതി മേൽനോട്ടത്തിൽ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് എംപിമാർ ആവശ്യപ്പെട്ടു.

## ഹജ്ജ് - അറിയിപ്പ്

ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവർ അപേക്ഷകൾ നേരത്തെ നൽകണമെന്നും അംഗീകൃത സംഘാടകരെ മാത്രം തിരഞ്ഞെടുക്കണമെന്നും ന്യൂനപക്ഷകാര്യ മന്ത്രാലയം. 2026 ലെ ഹജ്ജുമായി ബന്ധപ്പെട്ട് സൗദി അറേബ്യയിലെ ഹജ്ജ്, ഉംറ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു കേന്ദ്രത്തിന്റെ അറിയിപ്പ്. അടുത്ത മാസം 15 ന് മുമ്പ് ബുക്കിംഗ് നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്ന് മന്ത്രാലയം നിർദ്ദേശിച്ചു.

## ഐ എഫ് എഫ് കെ (ഇൻട്രോ)

RNUTVPM

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേള തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. തികഞ്ഞ ആവേശത്തോടെയാണ് ചലച്ചിത്രമേളയുടെ നാലാം നാൾ കടന്നു പോകുന്നത്. മേളയുടെ കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

## അന്താരാഷ്ട്ര ചലച്ചിത്ര മേള

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ അഞ്ചാം ദിനമായ നാളെ 72 ചിത്രങ്ങൾ പ്രദർശനത്തിനെത്തും. ഇന്ത്യൻ സിനിമയിലെ ഇതിഹാസം ഋത്വിക് ഘട്ടക്കിന്റെ തിതാഷ് ഏക് തി നദീർ നാം' നാളെ രാത്രി 8.30-ന് അജന്ത തിയേറ്ററിൽ പ്രദർശിപ്പിക്കും.

## അറിയിപ്പ്

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം മറ്റ് വാർത്താ ബുള്ളറ്റിനുകൾക്ക് പുറമെ ഇന്നു മുതൽ രണ്ടു പ്രത്യേക വാർത്താബുള്ളറ്റിനുകൾ കൂടി പ്രക്ഷേപണം ചെയ്യും. രാവിലെ 11 മണിക്കും വൈകിട്ട് മൂന്ന് മണിക്കും അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകളാണ് ശ്രോതാക്കളിലേക്ക് എത്തിക്കുന്നത്. രാത്രി 8.35 നുള്ള പ്രത്യേക വാർത്താ ബുള്ളറ്റിൻ ഇനി മുതൽ 10 മിനിറ്റായിരിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ലേബർ കോൺക്ലേവ്

കേന്ദ്ര തൊഴിൽ നിയമങ്ങളോടുള്ള വിയോജിപ്പ് വ്യക്തമാക്കാൻ കേരളത്തിൽ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷി ക്കുന്ന ബദൽ നയം രൂപീകരിക്കുകയാണ് ലക്ഷ്യം.

തിരുവനന്തപുരത്ത് ഈ മാസം 19 ന് സംഘടിപ്പിക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. അയൽ സംസ്ഥാനങ്ങളിലെ തൊഴിൽ മന്ത്രിമാരും കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്. നയപ്രഖ്യാപനത്തിന്റെ ആശയം ഉൾക്കൊള്ളുന്ന ആവശ്യങ്ങൾ കേന്ദ്ര തൊഴിൽ മന്ത്രിയെ അറിയിക്കുമെന്നും ശ്രീ ശിവൻകുട്ടി പറഞ്ഞു.

PNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ (ഇൻട്രോ)

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സെമി ഫൈനൽ ഇന്ന് തൃശ്ശൂരിൽ. തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ തൃശ്ശൂരും മലപ്പുറവും ഏറ്റുമുട്ടും. വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 54 പോയിൻറ് ഇടിഞ്ഞ് 85,213 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 20 പോയിൻറ് നഷ്ടത്തിൽ 26,027 ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണവില കുതിക്കുന്നു. പവന് ഇന്ന് രണ്ടു തവണയായി 1080 രൂപ വർധിച്ച് 99,280 രൂപയും ഗ്രാമിന് 12,410 രൂപയുമാണ് ഇന്നത്തെ വില..

☸☸☸☸☸☸☸☸☸☸☸☸☸

## പ്രത്യേക ട്രെയിൻ

ക്രിസ്മസ് അവധിക്കാലത്തെ തിരക്കും പുതുവർഷവും കണക്കിലെടുത്ത് ഈ മാസം 24 മുതൽ ചാർലാപള്ളി - മംഗളൂരു റൂട്ടിൽ പ്രത്യേക ട്രെയിൻ സർവീസ് ഏർപ്പെടുത്തുമെന്ന് ദക്ഷിണ റെയിൽവേ. 24ന് ചാർലാപള്ളി യിൽ നിന്നും 26ന് മംഗളൂരുവിൽ നിന്നും പുറപ്പെടുന്ന വിധത്തിലാണ് സർവീസ്. പാലക്കാട് , ഷൊർണൂർ, തിരൂർ, കോഴിക്കോട് , വടകര, തലശ്ശേരി, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## വയനാട് കടുവയുടെ സാന്നിധ്യം

വയനാട് കണിയമ്പറ്റ പച്ചിലക്കാട് കടുവയുടെ കാൽപ്പാടുകൾ കണ്ടെത്തി യതിനെ തുടർന്ന് ജാഗ്രതാ നിർദ്ദേശം നൽകി വനം വകുപ്പ്. പ്രദേശത്ത് ഫോറസ്റ്റ് അധികൃതർ പരിശോധന നടത്തി. കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നവരും, സ്കൂൾ വിദ്യാർത്ഥികളും ഉൾപ്പടെ ജാഗ്രത പാലിക്കണമെന്നാണ് മുന്നറിയിപ്പ്.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸
☸☸☸☸